ടി.സി.എച്ച്. കാരുടെ അംഗീകാരം

171 [186] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.സി.എച്ച്.കാരെ അംഗീകരിക്കുമെന്ന് സർക്കാർ കഴിഞ്ഞ നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ചു എന്തു നടപടിയാണു സ്വീകരിച്ചത്?

ഉത്തരം

(എ, ബി) ശരിയായ ടി.സി.എച്ച്. സർട്ടിഫിക്കറുള്ളവരുടെ പേരും മറ്റു വിവരങ്ങളും അതതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കു വിദ്യാഭ്യാസ ഡയറക്ടർ അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ ടി.സി. എച്ച്. കാർക്കുവേണ്ടി നടത്തിയ ഇൻസർവ്വീസ് കോഴ്സിന്റെ ഫലം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടു ഡയറക്ടറേറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസർമാർക്കു ശരിയായ ടി.സി.എച്ച്. കാരെ മനസ്സിലാക്കി അവർക്കു അംഗീകാരം കൊടുക്കുവാൻ വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോളേജുകൾ

172 [187] ശ്രീ. പി.എം. അബൂബേക്കർ:
,, പി. സീതി ഹാജി:
,, കെ.പി.എ. മജീദ്:
,, സി.ടി. അഹമ്മദാലി:
,, ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട്;

(ബി) സ്വകാര്യ മേഖലയിലെത്ര; പൊതു മേഖലയിലെത്ര?

ഉത്തരം

(എ) ആറ്.

(ബി) സ്വകാര്യ മേഖലയിൽ മൂന്ന്. പൊതു മേഖലയിൽ ആർ.ഇ.സി. ഉൾപ്പെടെ മൂന്ന്.

സഹകരണസംഘങ്ങളുടെ നിക്ഷേപ സമാഹരണം

173 [188] ശ്രീ. എം.വി. രാഘവൻ:
,, എ.സി. ഷൺമുഖദാസ്:
,, എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇക്കൊല്ലത്തെ ഡിപ്പോസിറ്റ് സമാഹരണത്തിനു എത്ര കോടി രൂപ സഹകരണ സംഘങ്ങൾക്ക് സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly